പച്ചമലയാള മുന്നേറ്റം

ഒരു പ്രായോഗിക കാഴ്ചപ്പാട്

പച്ചമലയാള മുന്നേറ്റം

ഒരു പ്രായോഗിക കാഴ്ചപ്പാട്

മുന്നുര

തനിമയും തെളിമയും ഒട്ടും ചോരാതെ ലളിതമായി ഭാഷയെ അവതരിപ്പിക്കുക എന്നത് ഒരു ആധുനിക കാഴ്ചപ്പാടായി കണക്കാക്കാൻ കഴിയില്ല. എക്കാലത്തും ഭാഷാലഘൂകരണം എന്ന ആശയം ഉയർന്നുവന്നിട്ടുള്ളതായി ചരിത്രം പരിശോധിച്ചാൽ നമുക്ക് അറിയാൻ കഴിയും. എപ്പോഴാണ് ഭാഷയിൽ സങ്കീർണ്ണതകൾ കടന്നുകൂടുക? മിക്കപ്പോഴും അതൊരു ബാഹ്യ ഇടപെടൽകൊണ്ടായിരിക്കും. ഭാഷയെ സങ്കീർണ്ണമായി അവതരിപ്പിക്കാൻ ബാഹ്യഭാഷ വേണമെന്നതും ഒരു തെറ്റുധാരണയാണ്. പുതുപുത്തൻ ആശയങ്ങൾ അവതരിപ്പിക്കുന്നതിന് ഒരു വിലങ്ങുതടിയല്ലേ നിലവിലെ മലയാളഭാഷയുടെ സങ്കീർണ്ണത എന്ന കാതലായ ചോദ്യത്തിന് ഒരുത്തരം നൽകാൻ 'പച്ചമലയാളത്തിന്' കഴിഞ്ഞേക്കും. സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ അന്യമൊഴികളിൽനിന്നും കടമെടുക്കുന്ന പദങ്ങൾക്കു പകരം തനത് മലയാളം വാക്കുകൾക്ക് മുൻഗണന നൽകി ഭാഷയുടെ പ്രാചീനതയും സ്വാഭാവികതയും കാത്തുസൂക്ഷിക്കുന്ന ഒരു ഭാഷാരീതിയാണ് പച്ച മലയാളം. 'പച്ച' എന്ന വാക്ക് തനിമയുള്ളത് അല്ലെങ്കിൽ ഉന്മേഷദായകമായത് എന്നിങ്ങനെയുള്ള അർത്ഥതലങ്ങൾ ഉളവാക്കുന്നതിനാൽ അത് ഭാഷയുടെ പുനരുജ്ജീവനത്തെ സൂചിപ്പിക്കുന്നു. എന്നിരുന്നാലും, അത് ഭാഷാശുദ്ധീകരണം എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നുമില്ല.

അന്യമൊഴികളിൽനിന്നും പദങ്ങൾ കടമെടുക്കുന്നതിനോടും ആശയങ്ങൾ ഉൾക്കൊള്ളുന്നതിനോടും പച്ചമലയാള മുന്നേറ്റം മുഖംതിരിച്ചു നിൽക്കുന്നില്ല, പകരം അത്തരം നടപടിക്രമങ്ങൾ മലയാള ഭാഷയുടെ യഥാർത്ഥ സ്വരശാസ്ത്രപരവും വാക്യഘടനാപരവുമായ ചട്ടങ്ങൾക്കൊത്തു നിൽക്കണം എന്ന ഒരു മാനദണ്ഡം മാത്രമാണ് ആയത് മുന്നോട്ടു വയ്ക്കുന്നത്. ഇംഗ്ലീഷും സംസ്കൃതവും പോലെയുള്ള ബാഹ്യഭാഷകളെ ആശ്രയിക്കാതെ മലയാളത്തിന്റെ തനിമയ്ക്കും സമ്പന്നതയ്ക്കും ഊന്നൽ നൽകിക്കൊണ്ടു മലയാളഭാഷയെ പുഷ്ടിപ്പെടുത്തുവാനുള്ള ശ്രമമാണ് പച്ചമലയാളം നോക്കിക്കാണുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ മലയാളത്തിന് അതിന്റെ വേറിട്ട സ്വത്വം നിലനിർത്താനും ഒരു ആധുനിക ഭാഷയായി പരിണമിച്ചുകൊണ്ടിരിക്കാനും കഴിയുമെന്നാണ് പച്ചമലയാള മുന്നേറ്റം കരുതുന്നത്. കൂടാതെ ഈ പ്രസ്ഥാനത്തിന്റെ വക്താക്കൾ വിദ്യാഭ്യാസം, മാധ്യമം, സാഹിത്യം തുടങ്ങി വിവിധ മേഖലകളിൽ മലയാളത്തിന്റെ ഉപയോഗം

പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. ഇതിനു കഴിയാത്തതിന്റെ കാരണങ്ങൾ ഈ പുസ്തകത്തിൽ വ്യക്തമാക്കുന്നു.

ഉള്ളടക്കം

ചരിത്രം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ വെണ്മണി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നേതൃത്വത്തിൽ ഒരു സാഹിത്യ പ്രസ്ഥാനമായി പച്ചമലയാള പ്രസ്ഥാനം ഉടലെടുത്തു. പച്ചമലയാള പ്രസ്ഥാനം മലയാളസാഹിത്യ ചരിത്രത്തിൽ ആധുനിക ഘട്ടത്തിന്റെ ഭാഗമാണ്. കൊടുങ്ങല്ലൂരിലെ വെണ്മണി പ്രസ്ഥാനം പച്ചമലയാള മുന്നേറ്റത്തിനു വിത്തും വളവുമേകി. മലയാള സാഹിത്യം അതിന്റെ 'മലയാളിത്തം' വീണ്ടെടുത്ത ഈ സമയത്ത് സംസ്കൃത മേധാവിത്വം വെല്ലുവിളിക്കപ്പെടുകയായിരുന്നു എന്നത് ഒരു ചരിത്രവസ്തുതയാണ്. പച്ചമലയാള പ്രസ്ഥാനം തളിരിടുന്നതിനും എത്രയോ മുമ്പുതന്നെ ചെറുശ്ശേരിയും കുഞ്ചൻ നമ്പ്യാരും സമാന കാഴ്ചപ്പാട് പങ്കിട്ടു: ബുദ്ധിജീവികൾക്ക് മാത്രമല്ല, സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും സാഹിത്യം പ്രാപ്യമാക്കാൻ അവർ ആഗ്രഹിച്ചു. അതിനുവേണ്ടി അവർ സാധാരണക്കാർക്കു മനസ്സിലാകുന്ന മലയാളത്തിൽ എഴുതി. ആധുനിക കാലയളവിൽ ഉയർന്നുവന്ന പച്ചമലയാള മുന്നേറ്റം വാമൊഴിക്ക് ഏറെ പ്രാധാന്യം നൽകിയിരുന്നു എന്നതും ഒരു ചരിത്രസത്യമാണ്. സാംസ്കാരികമായ ഉച്ചനീചത്വങ്ങൾ തച്ചുടച്ചുകൊണ്ട് അനവർക്കും ഉൾക്കൊള്ളാൻ കഴിയുന്ന സാംസ്കാരിക അടയാളമാക്കി ഭാഷയെ മാറ്റാൻ ഈ പ്രസ്ഥാനം ചെറുതല്ലാത്തൊരു പങ്കുപേറിയിട്ടുണ്ട്.

വിദ്യാവിനോധിനിയുടെ പത്രാധിപരായിരുന്ന സി.പി അച്യുതമേനോനും കുഞ്ഞിക്കുട്ടൻ തമ്പുരാനും തമ്മിലുണ്ടായ ഒരു സംവാദത്തിനിടയിൽ സംസ്കൃതം ഉപയോഗിക്കാതെ മലയാളത്തിൽ ഒരു കഥ രചിക്കുക്ക പ്രയാസമാണെന്ന വാദം സി.പി ഉന്നയിച്ചു. അതിനെത്തുടർന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ പച്ചമലയാള പ്രസ്ഥാനത്തിന് തറക്കല്ലിട്ടു എന്നതാണ് കഥ. നല്ലഭാഷ എന്ന പ്രമുഖരചനയ്ക്കു പുറമെ കണ്ണൻ, കോമപ്പൻ, ശക്തൻ തമ്പുരാൻ, പാക്കനാർ മുതലായ രചനകൾകൊണ്ടും അദ്ദേഹം പച്ചമലയാള പ്രസ്ഥാനത്തിനു കരുത്തേകി. എടുത്തുപറയത്തക്ക പ്രാധാന്യം അർഹിക്കുന്ന മറ്റൊരു കവിയാണ് കുണ്ടൂർ നാരായണ മേനോൻ. നാലുഭാഷാ കാവ്യങ്ങൾ എന്ന അദ്ദേഹത്തിന്റെ സമാഹാരത്തിൽ ശുദ്ധമലയാളത്തിന്റെ സൗന്ദര്യവും സർഗ്ഗാത്മകതയും തെളിഞ്ഞു കാണാം. പൂരപ്രബന്ധം, അംബോപദേശം, കവിപുഷ്പമാല, മലയവിലാസം എന്നിവയാണ് പച്ചമലയാള പ്രസ്ഥാനത്തിലെ മറ്റു പ്രധാന കൃതികൾ. ചേലേപ്പറമ്പ് നമ്പൂതിരി, വെൺമണി അച്ചൻ നമ്പൂതിരിപ്പാട്,

വെൺമണി മഹാൻ നമ്പൂതിരിപ്പാട്, പൂന്തോട്ടം നമ്പൂതിരി, നടുവത്തച്ഛൻ നമ്പൂതിരി, കുണ്ടൂർ നാരായണമേനോൻ, ഒറവങ്കര നാരായണൻ നമ്പൂതിരി, ശീവൊള്ളി നാരായണൻ നമ്പൂതിരി, മേനോണ്ട് നാരായണൻ നമ്പൂതിരി, മേനോണ്ട് നാരായണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി തുടങ്ങിയവരാണ് പ്രസ്ഥാനത്തിലെ പ്രധാന അംഗങ്ങൾ. സുമംഗല എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ലീല നമ്പുതിരിപ്പാട് പച്ചമലയാളത്തിന് 'പച്ച മലയാള നിഘണ്ടു' എന്ന നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്.

പച്ചമലയാളത്തിന്റെ പ്രായോഗികത

സമകാലിക പച്ചമലയാള പ്രസ്ഥാനം കൂടുതലായും സാഹിത്യത്തിലൂടെ പ്രസരിക്കുന്ന ഒരു അസംഘടിത ഉദ്യമമാണ്. പുതിയ പദങ്ങളുടെ രൂപീകരണത്തിന്റെയും സൃഷ്ടിയുടെയും കാര്യം വരുമ്പോൾ, തമിഴ് അക്കാദമി ഉപയോഗിക്കുന്നതുപോലെ ഒരു മാതൃക കൈക്കൊള്ളാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. മലയാളഭാഷയിലേക്കുള്ള ബാഹ്യഭാഷാ കടന്നുകയറ്റത്തിന്റെ സങ്കീർണ്ണതകളും പച്ചമലയാള മാതൃകയും ചുവടെ ചർച്ചചെയ്യുന്നു.

പല സങ്കീർണ്ണതകൾക്കും അറുതി

മറ്റു ഭാഷകളിൽ നിന്ന്, പ്രത്യേകിച്ച് സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും ചിട്ടയോ ചട്ടമോകൂടാതെയുള്ള കടമെടുപ്പിനാൽ ഭാഷയും അതിന്റെ എഴുത്തു സമ്പ്രദായവും കാലക്രമേണ സങ്കീർണ്ണതയുടെയും പൊരുത്തക്കേടുകളുടെയും വിവിധ തലങ്ങൾ ഉൾക്കൊള്ളുന്നതായി മാറി. മലയാള ഭാഷയ്ക്ക് രണ്ട് അക്ഷരവിന്യാസ രീതികളുണ്ട്: തനത്, സംസ്കൃതം, തനതു രീതിയിൽ മലയാള പദങ്ങളും സംസ്കൃതം പ്രാകൃതം മുതലായ പ്രത്യേകിച്ച് ആര്യമൊഴികളിൽനിന്നും വന്ന തത്ഭവങ്ങളും മലയാളത്തിന്റെ തനതു സ്വരവിന്യാസരീതിയിൽ അവതരിപ്പിക്കുന്നു. സംസ്കൃതത്തിൽനിന്നും കടമെടുക്കുന്ന ശുദ്ധസംസ്കൃതപദങ്ങൾ ആയതിന്റെ മട്ടിൽ ചെറിയ വ്യതിയാനങ്ങളോടുകൂടി എഴുതിവരുന്ന ഒരു രീതിയാണ് സംസ്കൃത അക്ഷരവിന്യാസ രീതി എന്ന പേരിൽ മലയാളത്തിൽ പിന്തുടർന്നുവരുന്നത്. ആയതുമൂലമുണ്ടായ പൊരുത്തക്കേടുകൾ തീർപ്പാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടുമില്ല. കന്നഡയും തുളുവും തെലുങ്കും ശബ്ദവ്യഞ്ജനങ്ങൾക്ക് പ്രത്യേക അക്ഷരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ തമിഴും മലയാളവും അതു ചെയ്തിട്ടില്ല. അതായത് കടൽ എന്ന് തമിഴിലും മലയാളത്തിലും എഴുതുകയും കഡൽ എന്ന് ഉച്ചരിക്കുകയും ചെയ്യുന്നു. എന്നാൽ കന്നഡയിൽ കഡലു എന്നും തെലുങ്കിൽ കഡലിയെന്നും എഴുതി ഉച്ചരിക്കുന്നു. ഇക്കാരണം ചൂണ്ടിക്കാട്ടി മലയാള പദങ്ങളുടെ അക്ഷരവിന്യാസം തിരുത്തിക്കുറിക്കണം എന്ന് പറയുന്നത് യുക്തിക്കു

നിരക്കുന്നതല്ല. എന്നാൽ കടൽ എന്നു പറഞ്ഞാലോ കഡൽ എന്നു പറഞ്ഞാലോ മലയാളത്തിൽ അർത്ഥവ്യത്യാസം ഉണ്ടാകുന്നില്ല. ആയതിനാൽ ഇക്കാര്യം ഗൗനിക്കേണ്ടതില്ല. സംസ്കൃത പദങ്ങളാണ് മിക്കപ്പോഴും എഴുത്തിൽ മലയാളിയെ കുഴപ്പിക്കുന്നത്. ശരിയായി ഉച്ചരിച്ചില്ലെങ്കിൽ സംസ്കൃതപദങ്ങളുടെ അർത്ഥം മാറുമെന്നതും മറ്റൊരു വസ്തുത. വാതം എന്നതും വാദം എന്നതും ഉദാഹരണങ്ങളായി എടുക്കുക, കൃത്യതയോടെ ഈ വാക്കുകൾ മലയാളികൾ ഉച്ചരിക്കാറുണ്ടോ? ഇതിനു പരിഹാരം കണ്ടെത്തേണ്ടത് മലയാളികളുടെ സംസ്കൃത പദോച്ചാരണത്തിൽ തെളിമവേണം എന്ന് നിഷ്കർഷിച്ചുകൊണ്ടല്ല. അങ്ങനെ നിർദ്ദേശിക്കുകയാണെങ്കിൽ എന്തുകൊണ്ട് ഇംഗ്ലീഷിൽനിന്നും കടമെടുക്കുന്ന പദങ്ങൾ ഇംഗ്ലീഷിന്റെ ഉച്ചാരണത്തിൽ പറയുന്നില്ല എന്ന മറുചോദ്യം പ്രസക്തമാകുന്നു. മലയാളത്തിൽ അന്യമൊഴി പദങ്ങൾ ഉച്ചരിക്കുമ്പോൾ അത് മലയാളിത്തത്തോടു കൂടിയായിരിക്കണം. അത് ഒരു ഭാഷയുടെ സ്വാഭാവിക രീതിയാണ്. ഇംഗ്ലീഷുകാരും കൊറിയക്കാരുമൊക്കെ മറ്റുഭാഷകളിൽനിന്നും കടമെടുക്കുന്ന വാക്കുകൾ അവരുടെ തനത് ഉച്ചാരണശൈലിയിലാണ് ഉച്ചരിക്കുന്നത്. അല്ലാതെ കടമെടുക്കുന്ന ഭാഷയിൽ ആ പദത്തിന്റെ ഉച്ചാരണം എങ്ങനെയാണ് എന്നതിനു പ്രസക്തിയില്ല. ഒരുകൂട്ടം പണ്ഡിതർ പുറംലോകവുമായി ബന്ധമില്ലാത്ത തങ്ങളുടെ ചെറു കുമിളയ്ക്കുള്ളിലിരുന്നുകൊണ്ട് മലയാളിയെ ഉച്ചാരണം പഠിപ്പിക്കാൻ ഇറങ്ങിത്തിരിക്കുന്നത് യുക്തിപരമായി ചിന്തിക്കാനുള്ള ശേഷി നഷ്ടപ്പെട്ടതുകൊണ്ടോ കാർക്കശബുദ്ധികൊണ്ടോ ആവാം. എന്തുതന്നെയായാലും അതിനൊക്കെ ചെവികൊടുക്കുന്നത് വിരളിലെണ്ണാവുന്നവർ മാത്രമാണ്. സങ്കീർണ്ണമായ ഒരു പ്രശ്നത്തെ വീണ്ടും സങ്കീർണ്ണമാക്കാതെ അതിനു ഉപയോഗത്തിൽ ഇടച്ചിൽവരാത്ത രീതിയിൽ ഒരു പോംവഴി കണ്ടെത്തുകയാണ് വേണ്ടത്. മലയാള ലിപിയുടെ സങ്കീർണ്ണതകളും തിട്ടമില്ലായ്മയും ചർച്ചചെയ്യുകല്ല ഇവിടുത്തെ ഉദ്ദേശം എന്നിരിക്കെ അതിനെക്കുറിച്ച് വിശദമായ ഒരു ലേഖനം വേറെ വേണ്ടതുണ്ട്.

അതിഖരങ്ങൾ തെക്കൻ ദ്രാവിഡഭാഷകളിൽ അനാവശ്യഘടകങ്ങളാണ്. എം. വി ശ്രീനിവാസ കന്നഡ ലിപിയിൽനിന്നും അവ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകതകൾ ചൂണ്ടിക്കാട്ടി ഒരു അക്കാദമിക്ക് ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലേറെയും മലയാളത്തിനും ബാധകമാകുന്നു. അക്ഷരമാലയുടെ വലിപ്പത്തിൽ കാര്യമില്ല എന്നുള്ളതിന് ഉദാഹരണങ്ങളാണ് ഇംഗ്ലീഷും തമിഴുമൊക്കെ.

അനൗചിത്യങ്ങളുടെ അന്തഃപ്പുര

സംസ്കൃതവാക്കുകൾ കടമെടുക്കുന്നതിൽ പഴയമലയാളം ഒരു ചട്ടക്കൂട് പിന്തുടർന്നുവന്നിരുന്നു. ഉദാഹരണത്തിന് 'ഹരൻ' എന്നതു മലയാളത്തിലെത്തുമ്പോൾ 'അരൻ' എന്നാകും. ഇതിനു കാരണം ഹകാരം മലയാളത്തിന്റെ തനതു ശബ്ദവിന്യാസത്തിൽ ഇല്ലായിരുന്നു എന്നതായിരുന്നു. രാമചരിതത്തിലെ 'കാനനങ്കളിലരൻ കളിറുമായി..' എന്ന വരിയിൽ ഇതു കാണാവുന്നതാണ്. അതുപോലെ മറ്റു ഉദാഹരണങ്ങൾ നോക്കുക.

അഗ്നി → അക്കി	ലോക → ഉലകം	ജ്ഞാനം → ഞാനം
വൃദ്ധി → വിരുത്തി	ഋഷഭം → ഇടവം	കാര്യം → കാരിയം
നാഡി → നാഴി	രൂപം → ഉരുവം	

ഈ രീതിയിൽ കടമെടുക്കുന്ന പദങ്ങൾ ഉച്ചരിക്കാൻ എളുപ്പമാണ് എന്നതിലുമപ്പുറം ലിപിയുടെ സങ്കീർണ്ണതകൾക്ക് കുറവുവരുത്തുന്നു. എന്നിരുന്നാലും സംസ്കൃത പദങ്ങൾ തത്സമ രൂപത്തിൽ കടമെടുക്കുന്ന രീതി ഏറെക്കാലങ്ങളായി നിലനിൽക്കുന്നതിനാൽ അതിനും ഒരു ചട്ടക്കൂട് ഉണ്ടായി എന്നതിൽ സംശയമില്ല. തത്സമങ്ങളും മലയാളത്തിലെത്തുമ്പോൾ മലയാളത്തിന്റെ പല ശബ്ദ-വ്യാകരണ നിയമങ്ങളോടും പൊരുത്തപ്പെടേണ്ടി വരുന്നു.

ദ്രാവിഡഭാഷകളിൽ മൂലപദത്തിനു മുൻപായി വിപരീതാർത്ഥം സൃഷ്ടിക്കുവാനായി പ്രത്യയങ്ങൾ ചേർക്കാറില്ല. അതിനു കാരണം ദ്രാവിഡ ഭാഷകൾ അഗ്ലൂറ്റിനേറ്റീവ് (അട്ടിപ്പിടിക്കൽ സ്വഭാവം) പ്രകടിപ്പിക്കുന്നു. വാക്കുകളുടെ ഒടുവിലായി മറ്റുവാക്കുകളോ പ്രത്യയങ്ങളോ കോർത്തിണക്കുവാൻ ദ്രാവിഡ ഭാഷകളിൽ അനായാസം കഴിയും എന്നത് അവയുടെ ഭാഷാശാസ്ത്രപരമായ ഒരു പ്രത്യേകതയാണ്.

'ആവശ്യം' എന്നതിന്റെ സംസ്കൃത വിപരീത പദരൂപം ആണല്ലോ അനാവശ്യം. ആവശ്യത്തിന്റെ വിപരീതരൂപം മലയാളികരിച്ചാൽ 'ആവശ്യമില്ല' എന്നാകും. ആവശ്യമില്ലായ്മ, ആവശ്യമില്ലാത്തവൻ എന്ന് എഴുതുന്നതിൽ ബുദ്ധിമുട്ടില്ല. എന്നാൽ അനാവശ്യൻ എന്ന വാക്ക് മലയാളത്തിൽ പൊരുത്തമുള്ളൊരു വാക്കായി തോന്നുന്നില്ല? ആവശ്യമില്ലാത്തവൾ, ആവശ്യമില്ലാത്തവർ ആവശ്യമില്ലാത്തതാണോ എന്നൊക്കെയുള്ളിടത്ത് അന- എന്ന സംസ്കൃത വിപരീതം ചേർത്ത് അനാവശ്യ- എന്ന രൂപം കൊണ്ടുവന്നാൽ എത്രത്തോളം പൊരുത്തമുള്ള വാക്കുകൾ നിർമ്മിക്കാൻ കഴിയും? അതിനായി വീണ്ടും സംസ്കൃത

ലിംഗപ്രത്യയങ്ങളും മറ്റും കടമെടുക്കേണ്ടി വരില്ലേ? 'ആവശ്യം' എന്ന പദത്തിനു മലയാളത്തിൽ പകരം മറ്റൊരു പദം ഇല്ലാത്തതുകൊണ്ട് അല്ലല്ലോ ഈ അഭ്യാസമൊക്കെ കാട്ടേണ്ടിവരുന്നത്.

ഇനി ഇംഗ്ലീഷിലേക്ക് എത്താം. സംസ്കൃതത്തെക്കാൾ ഇംഗ്ലീഷ് വാക്കുകൾ ഇന്ന് മലയാളത്തിൽ ഇടംപിടിച്ചു കഴിഞ്ഞതായി കാണാം. ഇതിന് ഒരു കാരണം കടുകട്ടി സംസ്കൃതവാക്കുകളുടെ ഉച്ചാരണത്തിലുള്ള ബുദ്ധിമുട്ടുക്കൂടിയാണ്.

Statitics (സ്റ്റാറ്റിറ്റിക്സ്) എന്ന പദം കടമെടുത്തു എന്ന് കരുതുക, statistical (സ്റ്റാറ്റിറ്റിക്കൽ) എന്നതിനെ മലയാളത്തിൽ എങ്ങനെ കുറിക്കും? സ്റ്റാറ്റിറ്റിക്കലായ? സ്റ്റാറ്റിറ്റിക്കുപരമായ? ഇതിൽ ഏതെങ്കിലും ഒരു രൂപം എടുത്തെന്ന് കരുതുക, അങ്ങനെയെങ്കിൽ statistical approach എന്ന് എങ്ങനെ എഴുതും? സ്റ്റാറ്റിറ്റിക്കൽ സമീപനം?, സ്റ്റാറ്റിക്കലായ സമീപനം? അവിടെത്തന്നെ പൊരുത്തക്കേട് തുടങ്ങിക്കഴിഞ്ഞു. ഇത്തരത്തിൽ ഭാഷയുടെ ഘടനയെ വളച്ചൊടിച്ചാൽ ഇംഗ്ലീഷും മലയാളവും അല്ലാത്ത പരുവത്തിൽ എത്തിക്കേണ്ടിവരും.

നിലവിൽ ഇംഗ്ലീഷ് പദങ്ങൾ കടമെടുക്കുന്നതിനു എഴുതപ്പെടാത്ത ചട്ടങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇവ പരിമിതമായി മാത്രമെ പ്രയോഗിക്കാൻ കഴിയുകയുള്ളു എന്നതാണ് വസ്തുത.

ആശയഗ്രഹണത്തിലെ ബുദ്ധിമുട്ട്

ശാസ്ത്രം സാങ്കേതികം കണക്ക് എന്നീ വിഷയങ്ങളിൽ മലയാളഭാഷയുടെ ഉപയോഗം പരിമിതമായിതന്നെ തുടരുകയാണ്. ഒരു സാങ്കേതിക പദം ഗ്രഹിക്കാൻ ബുദ്ധിമുട്ട് വരുന്നത് മലയാളത്തിനു പകരം ഇംഗ്ലീഷ് തിരഞ്ഞെടുക്കാൻ ആളുകളെ സമ്മർദ്ദത്തിലാക്കുന്നു. ഇംഗ്ലീഷിൽ അത്തരമൊരു സാങ്കേതിക പദം പഠിച്ചെടുക്കുവാനുള്ള അതേ ബുദ്ധിമുട്ട് ഒരു മലയാളിക്ക് തന്റെ മാതൃഭാഷയിൽ ഉണ്ടാകുന്നു എന്നുള്ളതാണ് ഇതിനു കാരണം. ആയത് 'മലയാള ഭാഷാപണ്ഡിതർ' വിട്ടുപോകുന്നു. കേട്ടാൽ അസ്ത്രപ്രജ്ഞമായി (അമ്പരപ്പ്) തൊന്നിപ്പിക്കുന്ന പദനിർമ്മാണം അല്ല ഇക്കാര്യത്തിൽ വേണ്ടത്. തമിഴർ ഇക്കാര്യത്തിൽ യുക്തിപരമായ ഒരു പോംവഴി നേരത്തേതന്നെ കണ്ടെത്തുകയും പ്രായോഗികതലത്തിൽ അതു മനോഹരമായി നിറവേറ്റുകയും ചെയ്തിരിക്കുന്നു. 'തിളനില' എന്ന് കേട്ടാൽ മലയാളമറിയാവുന്ന ഏതു മലയാളിക്കും അതെന്താണെന്ന് തിരിച്ചറിയാൻ

ഏറെനേരം വേണ്ടി വരില്ല, ഇനി അറിയാൻ കഴിയുന്നില്ലെങ്കിൽ കൂടി 'തിളക്കുന്ന നില' എന്ന് വിവരിച്ചാൽ അതിന്റെ അർത്ഥതലം എളുപ്പത്തിൽ മനസ്സിലാക്കാനും കഴിയും. ഇതേ നേരം 'ക്വഥനാങ്കം' എന്ന പദം ഉപയോഗിച്ചാൽ എന്താകും? അതിന്റെ വിവരണംകേട്ട് പഠിച്ചെടുക്കുന്നതിലും നല്ലത് 'Boiling point' എന്ന ഇംഗ്ലീഷ് വാക്ക് പഠിച്ചാൽ മതിയാകില്ലേ?

'കുടൽവാൽ', appendix എന്നതിന് തമിഴിൽ ഉപയോഗിക്കുന്ന ഈ വാക്ക് മനസിലാക്കാൻ മലയാളിക്കും ബുദ്ധിമുട്ടില്ല: 'കുടലിന്റെ വാൽ' എന്നാണ് വിവരണം. ഇതേനേരം മലയാളത്തിൽ ഇതിന് ഉപയോഗിക്കുന്ന സാങ്കേതിക പദമായ 'വിരരൂപ പരിശോഷിക' ഏറെ മലയാളികൾക്കും കേട്ടികേൾവിപോലുമില്ലാത്ത ഒരു പദം ആകാം.

വാമൊഴിയുടെ സമ്പന്നത

മലയാളത്തിന്റെ വാമൊഴി സമ്പത്തിനെ അപ്പാടെ തള്ളിക്കളയുകയാണ് സംസ്കൃതവത്കരണം. മേഘവിസ്ഫോടനം എന്ന കടുകട്ടി പദത്തിനു മലയാളത്തിന്റെ വാമൊഴിയിൽ കെട്ടിപ്പെയ്ത്ത്, അടമഴ എന്നൊക്കെ പറയും. ഇത്രയും മനോഹരമായ പദങ്ങളുള്ളപ്പോൾ സംസ്കൃതഭ്രമംകൊണ്ട് മലയാളത്തെ പുഷ്ടിപ്പെടുത്തേണ്ട ആവശ്യകത ഉണ്ടോ? ഭൂമികുലുക്കം എന്നതിനു നിലംകുലുക്കം എന്ന് പാലക്കാടൻ മലയാളത്തിൽ പറയുന്നു, ഇവിടെ അതിഖരമായ ഭകാരത്തിന്റെ ഉച്ചാരണം ശ്രദ്ധിക്കേണ്ടതില്ല എന്നൊരു മെച്ചംകൂടിയുണ്ട്.

പ്രായോഗിക മാതൃക

പ്രായോഗികമായ വളർച്ചയാണ് ഭാഷയുടെ ഉപയോക്തത നിലനിർത്തുന്നതും ഭാഷയെത്തന്നെ നിലനിർത്തുന്നതും. Electric switch എന്നതിനു 'വിദ്യുച്ഛക്തിഗമനാഗമനിയന്ത്രണയന്ത്രം' എന്ന പദം കൊണ്ടുവന്നതിലൂടെ എന്തു പ്രായോഗികഫലമാണ് ഉണ്ടായത്? അതേനേരം 'ഇളകോൽ' (ഇളകുന്ന കോൽ) എന്ന മലയാള പദം switch എന്ന വാക്കിനു എത്രയോ ഉതകുന്നതായിരുന്നു.

പ്രായോഗിക്ക പച്ചമലയാള മാതൃകയിൽ നിർമ്മിച്ച ചില പദങ്ങൾ കാണാം:

പി.പി. രാമചന്ദ്രൻ

തിരമൊഴി (തിരയുടെ മൊഴി)	hypertext
തുടർക്കണ്ണി (തുടർന്നുള്ള കണ്ണി)	link
ചൂണ്ടെലി (ചൂണ്ടാവുന്ന എലി)	computer mouse

ടി. കെ ജോസഫ്

കൊടിമിന്നൽ	forked lightning	തിരനീളം	wavelength
നീരം	liquid	ചൊവ്വ്	direction
പിരിവള്ളി	tendril	തെരുതെരുപ്പ്	frequency
തെൻതുഞ്ചം	south pole	കാന്തക്കല്ല് (കാന്തം സം.)	magnetite

നിർമ്മിതബുദ്ധിയിൽ പി.എച്.ഡി ഗവേഷകനായ **പ്രജിത് രാജേന്ദ്രൻ** നിർമ്മിച്ച ചില വാക്കുകൾ:

ചൊടിപ്പ്	activation	പടച്ചറിവ്	artificial intelligence
അട്ടിവലുപ്പം	batch size	കാഴ്ചക്കണ്ണിമാതിരി	convolutional neural network

പച്ചമലയാളത്തിന്റെ പ്രസക്തി

ഭാഷാസ്നേഹത്തിനും മറ്റുവികാരങ്ങൾക്കും അതീതമായി പ്രയോഗികത മുന്നിൽകണ്ടുകൊണ്ടുതന്നെയാണ് പച്ചമലയാള മുന്നേറ്റം നിലനിൽക്കുന്നത്. മുകളിൽവിരിച്ച സങ്കീർണ്ണതകൾക്കൊക്കെയും പോംവഴിയായും പ്രയോഗികതലത്തിലുള്ള ആധുനിക മലയാളത്തിന്റെ വളർച്ചയുമാണ് പച്ചമലയാളം മുന്നിൽ കാണുന്നത്. സംസ്കൃതത്തോടുള്ള മതിഭ്രമം മലയാളഭാഷയുടെ വളർച്ചയ്ക്ക് കോട്ടംവരുത്തി എന്നു പറയാം. കാരണം സാഹിത്യം മാത്രമല്ല ഭാഷ, സാഹിത്യഭംഗിയോ അതിന്റെ സങ്കീർണ്ണതകളോ പ്രായോഗിക തലത്തിൽ ഭാഷയ്ക്ക് സഹായകരമാകുന്നില്ല. അവിടെ ആശയങ്ങളുടെ ലളിതമായ ആവിഷ്കരണത്തിനാണ് പ്രാധാന്യം നൽകേണ്ടത്. സഹോദരീ ഭാഷയായ തമിഴ് ശാസ്ത്ര സാങ്കേതിക മേഖലകളിൽ വലിയ വളർച്ച കൈവരിക്കുമ്പോൾ മലയാളത്തിന് അതിനു കഴിയുന്നില്ല എന്നതിന്റെ മൂലകാരണം സംസ്കൃതഭ്രമം തന്നെയാണ്. തമിഴരെ 'ഭാഷാഭ്രാന്തരെന്ന്' മുദ്രകുത്തുന്നവർ തമിഴ് എന്നത് ലോകശ്രദ്ധ നേടിയ ഒരു ഭാഷയാണെന്നും ആ ഭാഷയിൽ ശാസ്ത്രസാങ്കേതിക പഠനം നടക്കുന്നുണ്ട് എന്ന വസ്തുതയും കാണാതെപോകുന്നു. സർക്കാരിന്റെ വഴിവിട്ട ധനസഹായവും മറ്റു പിന്തുണകളും ലഭിച്ചിട്ടും ഹിന്ദിക്ക് സാധിക്കാത്ത പലതും തമിഴിനു സാധിക്കുന്നു എന്നതിൽ അതിശയകരമായി ഒന്നുമില്ല. ജനസംഖ്യയുടെ കാരണംകൊണ്ടു മാത്രമാണ് ഹിന്ദി ലോകശ്രദ്ധ നേടിയത്, അതിന്റെ നേർപകുതിപോലും ആളുകൾ സംസാരിക്കാത്ത ഭാഷയായ തമിഴ് എത്തിപ്പിടിച്ച ഉയരങ്ങൾ ഹിന്ദിക്ക് ഇന്നും മറികടക്കാൻ കഴിഞ്ഞിട്ടില്ല. മലയാളത്തിന്റെ സ്വത്തം ഇല്ലാതെയാക്കുന്നതിലും നേരായ ചരിത്രവസ്തുതകൾ മറച്ചുവയ്ക്കുന്നതിലും സംസ്കൃതത്തോടുള്ള മതിഭ്രമം വലിയ പങ്കുപേറിയിട്ടുണ്ട്. സംഘകാല കൃതികളുടെയും സംസ്കാരത്തിന്റെയും പങ്കുപേറേണ്ട മലയാളികൾക്ക് ഒമ്പതാം നൂറ്റാണ്ടിന്റെ ഇപ്പുറത്തേക്ക് ഒതുങ്ങേണ്ടി വരുന്നത് എന്തുകൊണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.